**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **02-02-2024 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്തിൽ 50 എച്ച്.പി പമ്പ് സെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി 207 ലക്ഷം അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2023-24 വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജക മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്തിൽ 50 എച്ച്.പി പമ്പ് സെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി ആകെ തുകയായി 207 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ ആർ.കെ.വി.വൈ ധനസഹായമായി 206.39 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല സന്ദർശനം നടത്തുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുകയായ 2,00,000 രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം പമ്പ്സെറ്റ് സ്ഥാപിക്കുന്നതിലേക്കായി വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ